## പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ നടപടിക്രമം

## (നിലവിൽ : ശ്രീ. ററി.ററി. ആൻറണി, ഐഎഎസ്)

**വിഷയം:-** **പവവി - അറിയാനുള്ള അവകാശ നിയമം 2005 - ഇൻഫർമേഷൻ ഓഫീസർമാരെ സ്ഥാനനിർദ്ദേശം ചെയ്യുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**സൂചന:-** **ഭാരത സർക്കാർ 2005 ജൂൺ 15-ാം തീയതി പ്രാബല്യത്തിൽ വരുത്തിയ അറിയാനുള്ള അവകാശ നിയമം.**

## ഉത്തരവ് നം. ഇ5/19595/05. തീയതി : 26-10-05

**അറിയാനുള്ള അവകാശ നിയമം** 2005 എന്ന കേന്ദ്ര നിയമത്തിന് 15.6.2005 – ൽ ബഹു: രാഷ്ട്രപതി അനുമതി നൽകുകയുണ്ടായി. അധികാര നിർവ്വഹണത്തിൽ സുതാര്യത വർദ്ധിപ്പിക്കുവാനും ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വം കൂട്ടുവാനും പൊതുജനങ്ങൾക്ക് അറിയുവാനുള്ള അവകാശം ഉറപ്പാക്കുവാനും വേണ്ടി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഈ നിയമത്തിൻെറ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കു ലഭ്യമാകേണ്ട വിവരങ്ങൾ യഥാസമയം ലഭിക്കുന്ന കാര്യം ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഓരോ വകുപ്പിലും ആ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി സ്റ്റേററ് പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസർമാരെ ടി നിയമത്തിലെ സെക്ഷൻ 5(1) പ്രകാരം നാമനിർദ്ദേശം ചെയ്യേണ്ടതുണ്ട്. കൂടാതെ സെക്ഷൻ 5(2) പ്രകാരം ഓരോ വകുപ്പിലും ആ വകുപ്പിനെ സംബന്ധിച്ച അപേക്ഷകളും അപ്പീലുകളും സ്വീകരിക്കുന്നതിലേയ്ക്ക്വേണ്ടി സ്റ്റേററ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും സ്ഥാന നിർദ്ദേശം ചെയ്യേണമെന്നും വ്യവസ്ഥയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ അവരുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന ജില്ലയിൽ/ഓഫീസിൽ സ്റ്റേററ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരായും സ്റ്റേററ് അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമരായും സ്ഥാന നിർദ്ദേശം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉദ്യോഗസ്ഥരുടെ അപ്പലേററ് അതോറിററി വകുപ്പ് ഡയറക്ടർ ആയിരിക്കും.

| | ഐ.ററി.സി.പി./ ററി.ഡി.ഒ | സ്റ്റേററ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ | സ്റ്റേററ് അസിസ്റ്റൻറ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ |
|---|---|---|---|
| 1. | പട്ടികവർഗ്ഗ വികസന വകുപ്പദ്ധ്യക്ഷൻെറ കാര്യാലയം | ജോയിൻറ് ഡയറക്ടർ, പവവിവ അദ്ധ്യക്ഷൻെറ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം. | അസിസ്റ്റൻറ് ഡയറക്ടർ (പബ്ലിസിററി) പവവിവ അദ്ധ്യക്ഷൻെറ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം |

| | | | |
|---|---|---|---|
| 2. | തിരുവനന്തപുരം | പ്രോജക്ട് ഓഫീസർ, ഐ.ററി.ഡി.പി., നെടുമങ്ങാട് | അസി: പ്രോജക്ട് ഓഫീസർ ഐ.ററി.ഡി.പി., നെടുമങ്ങാട് |
| 3. | കൊല്ലം | ററി.ഡി.ഒ., പുനലൂർ | പിഎ ററു ററി.ഡി.ഒ., പുനലൂർ |
| 4. | ആലപ്പുഴ | | |
| 5. | പത്തനംതിട്ട | ററി.ഡി.ഒ., റാന്നി | ഹെഡ് ക്ലാർക്ക്, ററി.ഡി.ഒ., റാന്നി |
| 6. | കോട്ടയം | പ്രോജക്ട് ഓഫീസർ, ഐ.ററി.ഡി.പി., കാഞ്ഞിരപ്പള്ളി | അസിസ്റ്റൻറ് പ്രോജക്ട് ഓഫീസർ, ഐററിഡിപി കാഞ്ഞിരപ്പള്ളി |
| 7. | എറണാകുളം | ററി.ഡി.ഒ., മൂവാററുപുഴ | ജൂനിയർ സൂപ്രണ്ട്, ററിഡി.ഓഫീസ്, മൂവാററുപുഴ |
| 8. | തൃശ്ശൂർ | ററി.ഡി.ഒ., ചാലക്കുടി | എസ്.ഇ.ഒ., ററി.ഡി.ഓഫീസ്, ചാലക്കുടി |
| 9. | ഇടുക്കി | പ്രോജക്ട് ഓഫീസർ, ഐ.ററി.ഡി.പി. | അസി: പ്രോജക്ട് ഓഫീസർ, ഐററി.ഡി.പി ഇടുക്കി |
| 10. | പാലക്കാട്<br>അട്ടപ്പാടി ഐററിഡിപി | ടി.ഡി.ഒ., പാലക്കാട്<br>പ്രോജക്ടാഫീസർ, അട്ടപ്പാടി | ജൂനിയർ സൂപ്രണ്ട്, പാലക്കാട്<br>അസി: പ്രോജക്ട് ആഫീസർ, അട്ടപ്പാടി |
| 11. | കോഴിക്കോട് | ററി.ഡി.ഒ., കോഴിക്കോട് | ഹെഡ്ക്ലാർക്ക്, ററിഡിഒ ഓഫീസ്, കോഴിക്കോട് |
| 12. | മലപ്പുറം | പ്രോജക്ട് ഓഫീസർ, ഐ.ററി.ഡി.പി. നിലമ്പൂർ | അസി: പ്രോജക്ട് ഓഫീസർ, ഐററിഡിപി നിലമ്പൂർ |
| 13. | ഐററിഡിപി. വയനാട്<br>ററിഡിഒ., സുൽത്താൻ ബത്തേരി<br>ററി.ഡി.ഒ., മാനന്തവാടി | പ്രോജക്ട് ഓഫീസർ, ഐററിഡിപി, കൽപ്പററ<br>ററി.ഡി.ഒ., സുൽ: ബത്തേരി<br>ററി.ഡി.ഒ., മാനന്തവാടി | എ.പി.ഒ., കല്പററ<br>പി.എ ററു ററിഡിഒ സുൽത്താൻ ബത്തേരി<br>പി.എ ററു ററിഡിഒ മാനന്തവാടി |
| 14. | കണ്ണൂർ | പ്രോജക്ടാഫീസർ, ഐ.ററി.ഡി.പി., കണ്ണൂർ | അസി: പ്രോജക്ടാഫീസർ ഐ.ററി.ഡി.പി., കണ്ണൂർ |
| 15. | കാസറഗോഡ് | ററി.ഡി.ഒ., കാസറഗോഡ് | പി.എ ററു ററി.ഡി.ഒ. കാസറഗോഡ് |

ടി പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ചുമതലകൾ ഈ ഉത്തരവിലെ ഖണ്ഡിക (1)ൽ വിവരിച്ചിട്ടുള്ളത് പ്രകാരമായിരിക്കും. ടി ഉദ്യോഗസ്ഥർ പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾക്കും അന്വേഷണങ്ങൾക്കും സമയബന്ധിതമായി മറുപടി നൽകേണ്ട താണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും. സ്റ്റേററ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെക്കുറിച്ചും

അസിസ്റ്റൻറ് സ്റ്റേററ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരെക്കുറിച്ചും പൊതുജനങ്ങൾക്കുളള പരാതികൾ ഈ വകുപ്പിലെ അറിയാനുളള അവകാശ ചട്ടം 2005–ൻെറ അപ്പലേററ് അതോറിററിയായ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്. ഈ ഉത്തരവിന് ഉടൻ പ്രാബല്യമുണ്ടായിരിക്കുന്നതും, അറിയാനുളള അവകാശ ചട്ടം 2005–ൽ ഭാരത/കേരള സർക്കാരുകൾ വരുത്തുന്ന ഭേദഗതികൾക്കും കൂട്ടിച്ചേർക്കലുകൾക്കും നിബന്ധനകൾക്കും ഈ ഉത്തരവ് വിധേയമായിരിക്കും.

ഒപ്പ്
ഡയറക്ടർ
ഡയറക്ടർക്കുവേണ്ടി

ചീഫ് ഇൻഫർമേഷൻ കമ്മീഷണർ,

കേരള സർക്കാർ, തിരുവനന്തപുരം (കവറിംഗ് ലററും കൂടി)

പകർപ്പ്

1. ബന്ധപ്പെട്ടവർക്ക് അറിയാനുളള അവകാശ നിയമത്തിൻെറ പകർപ്പ് സഹിതം
2. ററി.ഡി.ഒ., മാനന്തവാടി/സു:ബത്തേരി അറിയാനുളള അവകാശ നിയമത്തിൻെറ പകർപ്പ് സഹിതം
3. എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും – (കവറിംഗ് ലററർ കൂടി)
4. ഡയറക്ടർ പബ്ലിക് റിലേഷൻസ് ഡെവലപ്പ്മെൻറ് – 15 കോപ്പി (കവറിംഗ് ലററർകൂടി) – പ്രമുഖ പത്രങ്ങളിൽ പരസ്യപ്പെടുത്തുന്നതിന്.
5. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് – (കവറിംഗ് ലററർ സഹിതം)